**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 537** **09-11-2021 - ൽ മറുപടിയ്ക്ക്**

**തടി നിർമ്മിത യന്ത്രവൽകൃത യാനങ്ങൾക്ക് പകരം സ്റ്റീൽ ബോട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സമുദ്ര മത്സ്യബന്ധന മേഖലയിൽ തീരെ സുരക്ഷിതമല്ലാത്തതും ആദായകരമല്ലാത്തതുമായ പഴക്കം ചെന്ന തടി നിർമ്മിത യന്ത്രവൽകൃത യാനങ്ങൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. നിലവിൽ കൊല്ലം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കോഴിക്കോട് ജില്ലകളിലായി 1595 പഴക്കം ചെന്ന തടി നിർമ്മിത യന്ത്ര വൽകൃത യാനങ്ങൾ മത്സ്യ ബന്ധനത്തിനായി ഉപയോഗിക്കുന്നുണ്ട്. വീൽ ഹൗസ് ഉള്ള തടി ബോട്ടുകളുടെ ആയുസ്സ് നിലവിൽ 12വർഷമായി നിജ പ്പെടുത്തിയിട്ടുള്ളതിനാൽ അവയ്ക്ക് ഇപ്പോൾ ലൈസൻസ് പുതുക്കി നൽകുന്നില്ല. |
| (ബി) | തീരെ സുരക്ഷിതമല്ലാത്തതും ശേഷി കുറഞ്ഞതുമായ ഇത്തരം യാനങ്ങളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളും ഉടമകളുമായ മത്സ്യത്തൊഴിലാളികളുടെ എണ്ണം, വരുമാനം, സാമൂഹിക ചുറ്റുപാട് എന്നിവ സംബന്ധിച്ച് പഠിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഇക്കാര്യം പരിശോധിച്ച് വരുന്നു. |
| (സി) | സ്റ്റീൽ ബോട്ടുകൾ നിർമ്മിക്കുന്നതിനോ പരിവർത്തനം ചെയ്യുന്നതിനോ ധനസഹായം നൽകി തടി ബോട്ടുകൾ മത്സ്യബന്ധനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഘട്ടം ഘട്ടമായി തടി ബോട്ടുകൾ മത്സ്യ ബന്ധനത്തിൽ നിന്നും നീക്കം ചെയ്ത് കൂടുതൽ സുരക്ഷിതമായ യാനങ്ങളിലേക്ക് പരിവർത്തനം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ